പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2357 **27-10-2026-ൽ മറുപടിയ്ക്ക്**

അരുവിക്കര മണ്ഡലത്തിലെ ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സ്റ്റീഫൻ ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ നിലവിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

മറുപടി: കെ.എസ്.ഇ.ബി.എൽ

അരുവിക്കര നിയോജകമണ്ഡലത്തിൽ നിലവിൽ 7 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Sl No	Location Name	Section
1	Azhekaal, Poovachal	Poovachal
2	Aruvikkara Jn	Vellanad
3	PWD rest house road	Aryanad
4	KSRTC - Nallumukk road	Vellanad
5	Near KSEB office	Vithura
6	Kulakkodu (Village office)	Vellanad
7	Azhikode	Vellanad

(ബി) പുതിയതായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

മറുപടി: കെ.എസ്.ഇ.ബി.എൽ

പി.എം.ഇ-ഡ്രൈവ് (PM E-DRIVE) പദ്ധതി പ്രകാരം അരുവിക്കരയിലുള്ള കെ.ഐ.ഐ.ഡി.സി (Kerala Irrigation Infrastructure Development Corporation -KIIDC) ഓഫീസ് പരിസരത്ത് ഒരു ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

(സി) പുതിയതായി ആരംഭിക്കുന്ന സ്ഥലങ്ങളിൽ അത്യാധുനിക ഹൈപവർ ഫാസ്റ്റ് ചാർജറുകൾ (120KW) സ്ഥാപിക്കുന്നതിനും നിലവിലുള്ളവ ഈ സംവിധാനത്തിലേക്ക് മാറ്റുന്നതിനും നടപടി സ്വീകരിക്കുമോ?

മറുപടി: കെ.എസ്.ഇ.ബി.എൽ

അരുവിക്കര കെ.ഐ.ഐ.ഡി.സി (KIIDC) ഓഫീസ് പരിസരത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ചാർജിംഗ് സ്റ്റേഷനിൽ CCS-II പ്രോട്ടോക്കോളിലുള്ള 120 കിലോവാട്ട് ശേഷിയുള്ള രണ്ട് (2) ഫാസ്റ്റ് ചാർജറുകളാണ് ഉള്ളത്.

നിലവിൽ വൈദ്യുത പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള ചാർജറുകൾ ഇരുചക്ര, മുച്ചക്ര വാഹനങ്ങൾക്കായുള്ള 3.3 കിലോവാട്ട് ശേഷിയുള്ളവയാണ്. ഇവ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിലെ പരിമിതമായ സ്ഥലസൗകര്യം കാരണം അവയെ ഉയർന്ന ശേഷിയുള്ള ചാർജറുകളിലേക്ക് മാറ്റാൻ സാധിക്കുന്നതല്ല.

അനെർട്ട്

അനെർട്ട് മുഖേന ദേശീയപാത, MC റോഡ്, മറ്റ് സംസ്ഥാന പാതകൾ എന്നിവിടങ്ങളിൽ പുതുതായി സ്ഥാപിക്കുന്ന പബ്ലിക് ഇ.വി ചാർജിംഗ് സ്റ്റേഷനുകളിൽ 120 kW ഉം, അതിനു മുകളിൽ ശേഷിയുള്ള ചാർജിംഗ് മെഷീനുകളും, മറ്റ് പാതകളിൽ 60 kW ശേഷിയുള്ള DC ഫാസ്റ്റ് ചാർജിംഗ് മെഷീനുകളുമാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫിസർ